പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 820 — 23.7.2012 ലെ മറുപടിയ്ക്ക്

<u>ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ.പി. ഉബൈദുള്ള :<br>ശ്രീ.എൻ. എ. നെല്ലിക്കുന്ന് :<br>ശ്രീ.എൻ. ഷംസുദ്ദീൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) അതിപ്രാചീനമായ ആയുർവേദ ചികിത്സാ രീതിക്ക് പ്രാമുഖ്യം നേടിയെടുക്കുന്നതിനും, ഔഷധക്കൂട്ടുകളുടെ പ്രയോഗക്ഷമത ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ച് എന്തൊക്കെ ഗവേഷണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നുണ്ട് ; വിശദമാക്കുമോ ; | (എ) ആയുർവേദ ഔഷധക്കൂട്ടുകളുടെ പ്രയോഗക്ഷമത ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ഗവേഷണ കേന്ദ്രം നിലവിലില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിലും തിരുവനന്തപുരത്ത് പൂജപ്പുരയിലും ഗവേഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ആയുർവേദത്തിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ തടയുന്നതിന് മാർക്കറ്റ് ചെയ്യപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കും സർട്ടിഫിക്കേഷനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ; | (ബി) ആയുർവ്വേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിപണിയിൽ നിന്നും റാന്റം സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം നിർണ്ണയം നടത്തുന്നു. മാർക്കറ്റിൽ വിതരണം ചെയ്യപ്പെടുന്ന മുഴുവൻ ഔഷധങ്ങളുടേയും ഗുണനിലവാരം നടത്തുക നിലവിലെ സാഹചര്യത്തിൽ അസാധ്യമാണ്. [illegible] ഉൽപ്പാദന ലൈസൻസ് നൽകുമ്പോൾ തന്നെ പ്രസ്തുത ഔഷധത്തിന്റെ സാമ്പിൾ 'ആയുഷ്' ന്റെ അംഗീകാരമുള്ള ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. വിപണിയിൽ നിന്നും ശേഖരിക്കുന്ന ഔഷധങ്ങൾ നിലവാരമില്ലാത്തതെന്ന് കണ്ടെത്തിയാൽ അവ കമ്പോളത്തിൽ നിന്നും പിൻവലിച്ച് നിർമ്മാതാക്കൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി)ഗുണനിലവാര പരിശോധന നടത്തി, മതിയായ സർട്ടിഫിക്കറ്റുകളില്ലാതെ മരുന്നുകൾ വില്പന നടത്തുന്നത് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദമാക്കുമോ ? | (സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതുമായ മുഴുവൻ ഔഷധങ്ങളുടേയും ഗുണനിലവാരം നടത്തുക നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ല. ഗുണനിലവാരമില്ലാത്ത ഔഷധങ്ങളുടെ നിർമ്മാതാക്കൾക്കെതിരെ നിയമ നടപടികളും വകുപ്പുതല നടപടി കളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ